# 13-ാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 4015 31.01.2014-ൽ മറുപടിക്ക്**

മെഡിക്കൽ, എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം
ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി. സതീശൻ | **കുമാരി. പി.കെ. ജയലക്ഷ്മി**<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| പട്ടികവർഗ്ഗ കുടുംബങ്ങളിൽപ്പെട്ട മെഡിക്കൽ, എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ; വിശദമാക്കുമോ? | സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റ് പ്രകാരം മെഡിക്കൽ/എൻജിനീയറിംഗ് കോഴ്സിന് പ്രവേശനം ലഭിച്ചതും വാർഷിക വരുമാനം 40,000/-രൂപയ്ക്കും അതിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സുകൾക്ക് ചേരുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 5,000/- രൂപ വീതം അനുവദിച്ചു വരുന്നു. കൂടാതെ പ്രതിമാസ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവയും, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരമായി യഥാർത്ഥ ഹോസ്റ്റൽ ചെലവും പോക്കറ്റ് മണിയും അനുവദിച്ച് നൽകി വരുന്നു. അംഗീകൃത ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതെ സ്വകാര്യ ഹോസ്റ്റലുകളിൽ പ്രവേശനം തേടുന്നവർക്ക് പ്രതിമാസം 1500/- രൂപയും അനുവദിക്കുന്നു. മെഡിക്കൽ, എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിച്ച് രണ്ടാം വർഷം പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും നൽകി വരുന്നു. |

**സെക്ഷൻ ആഫീസർ**